എന്ന അഭ്യർത്ഥനയാണുള്ളത്. അതിദാരുണമായ, ക്രൂരമായ ഈ സംഭവത്തെ സംബന്ധിച്ച് സഭ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്.

ശ്രീ. ജോസ് ബേബി : സർ, തമിഴ്നാട് സ്വദേശികളായ ചന്ദ്രിക, മാലതി എന്നീ രണ്ടു കുട്ടികൾ അട്ടപ്പാടി ആദിവാസി മേഖലയിലെ പുലിയറ യിൽ കൂലിവേലയ്ക്കു വന്നവരാണ്. ഇവർ ജോലി ചെയ്തിരുന്നത് വിജയ ന്റെയും ഗോപാലകൃഷ്ണന്റെയും കൃഷിസ്ഥലത്താണ്. അവിടെ പതിവായി തമിഴ്നാട്ടിൽനിന്നും ആളുകൾ പണിയെടുക്കാൻ വരാറുണ്ട്. കുരുമുളക് പറി ക്കാൻ വരുന്നവരുടെ കൂട്ടത്തിൽ വന്ന കുട്ടികളാണ് ഇവർ. ഈ പാവപ്പെട്ട പെൺകുട്ടികൾ ജോലി ചെയ്യാൻ വന്ന സമയത്ത് വിജയന്റെയും ഗോപാലകൃ ഷ്ണന്റെയും കുടുംബത്തിൽപ്പെട്ട പുലിയറ ഗോവിന്ദൻ മകൻ ശശി, 22 വയസ്സ്, പ്രകാശ് ബാബു മകൻ കുഞ്ഞുമോൻ എന്ന അജിത്കുമാർ, 21 വയസ്സ്, അപ്പച്ചന്റെ മകൻ സോഫി, 18 വയസ്സ്, പാപ്പച്ചന്റെ മകൻ സിജോ, 18 വയസ്സ് എന്നിവരാണ് 16-ഉം 17-ഉം വയസ്സു പ്രായമുള്ള പാവപ്പെട്ട ഈ പെൺകുട്ടികളെ ബലാൽസംഗത്തിന് വിധേയമാക്കിയത്. ഈ കുട്ടികൾ മുള കൊണ്ടുള്ള കട്ടിലിനടിയിൽ ഒളിച്ചിരുന്നിട്ടുപോലും മൃഗീയമായി അവരെ ഉപ ദ്രവിക്കുകയാണുണ്ടായത്. ഇക്കാര്യത്തിൽ അവിടത്തെ എല്ലാ രാഷ്ട്രീയ കക്ഷികളും പ്രതിഷേധിച്ചിട്ടുണ്ട്. രോഷം പ്രകടിപ്പിച്ചിട്ടുണ്ട്. പ്രതികളെ അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രതിഷേധ പ്രകടനങ്ങൾ നടത്തിയി ട്ടുണ്ട്. അതിന്റെ ഫലമായി കുറച്ച് അറസ്റ്റും നടന്നിട്ടുണ്ട്. ഈ കാര്യത്തിൽ കക്ഷി രാഷ്ട്രീയമല്ല കാണേണ്ടത്. ഇത്ര മൃഗീയമായ രീതിയിൽ പ്രവർത്തി ക്കുന്ന ആളുകളെ നേരിടുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം. ഒരാളും സംരക്ഷിക്കപ്പെടുവാൻ പാടില്ല, സംരക്ഷിക്കപ്പെടുകയില്ല എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പ്രതികളെ പിടികൂടുവാൻ മുഖ്യമന്ത്രി ശക്തമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മുഖ്യമന്ത്രിയുടെ മറുപടി ഇക്കാര്യത്തിലുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ഒരിടത്തും ഒരിക്കലും നട ക്കാൻ പാടില്ലാത്തവിധം ക്രൂരമായ സംഭവമാണ് അട്ടപ്പാടിയിൽ നടന്നത്. സോഫിയെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. ക്രൂരമായ ഇത്തരം നടപടിയിൽ പ്രതിഷേധിച്ച് എല്ലാ കക്ഷികളും യോജിച്ചു നിൽക്കുകയും പ്രതികളെ പിടികൂ ടാൻ പോലീസിന് ശക്തമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കുറ്റ വാളികളെ എത്രയും വേഗം പിടികൂടുന്നതാണ്.

മി. സ്പീക്കർ : മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയത്തിനുള്ള അനുമതി ചെയർ നിഷേധിക്കുന്നു.

# IV ശ്രദ്ധക്ഷണിക്കൽ

## (1) സംസ്ഥാനത്ത് നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടം ഭേദഗതി ചെയ്യേണ്ടതിന്റെ ആവശ്യകത

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, കേരളത്തിലെ മുനിസിപ്പൽ ആക്ടിലെ 410 വകുപ്പുകൾ എടുത്തു കളഞ്ഞതുമൂലവും 1984-ലെ കെട്ടിട

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതികൾ കൊണ്ടുവന്നതിന്റെ ഫലമായിട്ടും സംസ്ഥാനത്തെ നിർമ്മാണ പ്രവർത്തന മേഖല നിശ്ചലമായിരിക്കുകയാണ്.

*(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)*

കേരളത്തെപ്പോലെയുള്ള ഒരു സംസ്ഥാനത്ത് വളരെ സൂക്ഷിച്ച്, ആലോചിച്ച് കൊണ്ടുവരേണ്ട നിയമനിർമ്മാണം ബഹുമാനപ്പെട്ട മന്ത്രി അറിഞ്ഞോ അറിയാതെയോ നമ്മുടെ നാട്ടിൽ നടപ്പാക്കിയതിന്റെ ഫലമായി ഇന്നു വിദ്യാഭ്യാസ രംഗത്തും ആരോഗ്യരംഗത്തും എന്നുവേണ്ട, പല രംഗത്തും കെട്ടിടനിർമ്മാണത്തിന് പല പ്രയാസങ്ങളും ബുദ്ധിമുട്ടുകളും നേരിട്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ എല്ലാ പത്രങ്ങളും ഒരു തുടർകഥ പോലെ കെട്ടിടനിർമ്മാണ രംഗത്തുണ്ടായ നിയന്ത്രണങ്ങളേയും പ്രതിസന്ധികളേയും പ്രശ്നങ്ങളേയും കുറിച്ച് നീണ്ട പരമ്പരകൾ തന്നെ പ്രസിദ്ധീകരിക്കുകയുണ്ടായി. സത്യത്തിൽ നല്ല ഉദ്ദേശത്തോടുകൂടിയാണ് മന്ത്രി ഈ നിയമഭേദഗതികളും ചട്ടങ്ങളിലുള്ള ഭേദഗതികളും കൊണ്ടുവന്നത്. പക്ഷേ കുളിപ്പിച്ചു കുളിപ്പിച്ചു കുട്ടിയെ ഇല്ലാതായി എന്നു പറയുന്നതുപോലെയാണ് ഈ നിയന്ത്രണം, ഇക്കാര്യത്തെ സംബന്ധിച്ചുണ്ടായിട്ടുള്ളത്. നിയമസഭയിൽ മുൻസിപ്പൽ ആക്ടിലെ 410 വകുപ്പു എടുത്തുകളഞ്ഞപ്പോൾ ഈ നിയമസഭയിൽ ബില്ലിന്റെ 3-ാം വായനയിൽ അങ്ങയോടു ഞാൻ പറഞ്ഞു എക്സംപ്ഷനു ആരെ ഒരു പ്രൊവിഷൻ വയ്ക്കണമെന്ന്. അന്നു നിയമസഭയിൽ ആരും തന്നെ അതു ശ്രദ്ധിക്കാതെ പോയതിന്റെ ഫലമായിട്ടാണ് (ഒരു 5 സെ. മീ. കുറഞ്ഞാൽ അതു സ്കൂളിനായാലും ഗവൺമെന്റ് സ്ഥാപനങ്ങൾക്കായാലും ശരി ആര് എക്സംപ്ഷൻ കൊടുക്കും) സംസ്ഥാനത്തിന്റെ പുരോഗതിയിൽ ഒരു നിശ്ചലാവസ്ഥ ഈ രംഗത്തുണ്ടായിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് സാഹചര്യം നോക്കി, പ്രദേശത്തിന്റെ കിടപ്പുകൾ നോക്കി, പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കി എക്സംപ്ഷൻ കൊടുക്കുവാൻ സർക്കാരിനുണ്ടായിരുന്ന നിയമം പുനഃസ്ഥാപിക്കണമെന്ന് ഈ രാജ്യത്തിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുകയാണ്. തൂക്കിക്കൊല്ലാൻ നമ്മുടെ രാജ്യത്ത് നിയമങ്ങളും വ്യവസ്ഥകളും ഉണ്ട്. പക്ഷേ ആ തൂക്കിക്കൊല്ലലിനെ ഭയന്ന് ആരുംതന്നെ ആ നിയമമെടുത്തുകളയാൻ തയ്യാറാവില്ല. എക്സംപ്ഷൻ എന്നുപറയുന്ന ഒരു നിയമത്തെ ഭയന്നുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ആ വകുപ്പുതന്നെ എടുത്തുകളഞ്ഞു. അതുകൊണ്ട് നമ്മുടെ രാജ്യത്ത് വലിയ പ്രതിസന്ധികളുണ്ടായിട്ടുണ്ട്. എന്റെ പ്രദേശത്ത് ഒരു ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ കെട്ടിടത്തിന് നഗരസഭയിൽ അപേക്ഷ കൊടുത്തപ്പോൾ ഞങ്ങൾക്ക് അതിനുള്ള പ്രൊവിഷനില്ലെന്ന് അവർ പറഞ്ഞു. എവിടെയാണ് എക്സംപ്ഷൻ കൊടുക്കേണ്ടത് എന്ന് ചീഫ് ടൗൺ പ്ലാനറോടു ചോദിച്ചപ്പോൾ ആ വകുപ്പ് എടുത്തുകളഞ്ഞുവെന്നാണ് മറുപടി പറഞ്ഞത്. 5 സെ.മീ. കുറഞ്ഞാൽ ഒരു ബൃഹത്തായ പദ്ധതി മാത്രമല്ല ബൃഹത്തായ പദ്ധതികൾ തന്നെ നമ്മുടെ രാജ്യത്തു നടപ്പാക്കാൻ കഴിയാത്ത സാഹചര്യം വന്നാൽ അതു നമ്മുടെ രാജ്യത്തെ നിർമ്മാണ പ്രവർത്തനങ്ങളെ സാരമായി ബാധിക്കും. അതുപോലെതന്നെ വൻകിട ഹോട്ടലുകളുടെ വരവു കുറഞ്ഞു. വൻകിട സ്ഥാപനങ്ങൾ നമ്മുടെ രാജ്യത്തു വരണ്ടേ? പണ്ടത്തെപ്പോലെയാണോ നമ്മുടെ ഓഫീസുകളൊക്കെ. നാലും ആറും നിലകളുള്ള കെട്ടിടങ്ങൾ, 21-ാം നൂറ്റാണ്ടിൽ കാലത്തിനനുയോജ്യമായ കെട്ടിടങ്ങൾ വരേണ്ടത് ടൂറിസത്തെ സംബന്ധിച്ചിടത്തോളം, രാജ്യത്തെ സംബന്ധിച്ചിടത്തോളം വളരെ ആവശ്യമാണ്. എനിക്ക് പ്രധാനമായും അങ്ങയോട് സൂചിപ്പിക്കാനുള്ളത് മത

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളെ (പള്ളികൾ, അമ്പലങ്ങൾ, ചെറിയ ചർച്ചുകൾ, മോസ്ക്കുകൾ) അസംബ്ലി കാറ്റഗറിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പണ്ടുകാലം മുതൽ തന്നെ എക്സംപ്ഷൻ കൊടുത്താണ് മതസ്ഥാപനങ്ങൾ ഉണ്ടാക്കുവാൻ അവ സരങ്ങളും അവകാശങ്ങളും നൽകുന്നത്. ഇന്ന് എവിടെ പോകുന്നു ഈ മത സ്ഥാപനങ്ങൾ? അങ്ങ് ഉത്തരം പറയണം. നിങ്ങൾക്കുള്ള "സ്രാമ്പി" ചെറി യൊരു പള്ളി, അതു ഈ കാറ്റഗറിയിൽ ഉൾപ്പെടുത്തിയാൽ അതിന് എക്സം പ്ഷൻ ആരു കൊടുക്കും? റോഡ് വൈഡനിംഗ് ഏഴു മുതൽ പത്തു മീറ്റർ വരെ വച്ചാൽ അതിന് അടുത്ത് ഒരു കെട്ടിടമുണ്ടാക്കണമെങ്കിൽ മൂന്നര മീറ്റർ പിന്നെയും വിടണം. സ്ഥലത്തിന്റെയും റോഡിന്റെയും പ്രദേശത്തിന്റെയും പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് സർക്കാരിൽ ഈ അധികാരം നിക്ഷി പ്തമാക്കണം. നിയമസഭാ ലെജിസ്ലേച്ചർ കോംപ്ലക്സിന്റെ മുകൾഭാഗം രണ്ടാ മതും പണിയേണ്ടിവന്നു. എക്സംപ്ഷൻ കൊടുക്കാൻ ആർക്കെങ്കിലും അധി കാരമുണ്ടോ? പിന്നെ എങ്ങനെ എക്സംപ്ഷൻകൊടുക്കുന്നു? അങ്ങയുടെ ഗവൺമെന്റ് ഒരു പുതിയ പദ്ധതിയുമായി മുന്നോട്ടു വരികയുണ്ടായി. എന്താ ണെന്നു വച്ചാൽ റെഗുലറൈസ് ചെയ്യുക. ഇതു എക്സംപ്ഷൻ തന്നെയല്ലേ? അനധികൃതമായി കെട്ടിടങ്ങളുണ്ടാക്കിയതിന് എക്സംപ്ഷൻ കൊടുക്കാൻ അങ്ങും അങ്ങയുടെ ഡിപ്പാർട്ടുമെന്റും തയ്യാറാണ്. 2000-ാമാണ്ട് മാർച്ച് 31-ാം തീയതിവരെ കേരളത്തിലെവിടെയും അനധികൃതമായി കെട്ടിടങ്ങളുണ്ടാക്കി യാൽ അതു റഗുലറൈസ് ചെയ്യാനുള്ള അപേക്ഷ അങ്ങു സ്വീകരിച്ചുകൊണ്ടി രിക്കുകയാണ്. പ്ലാനുകളില്ലാതെ എസ്റ്റിമേറ്റുകളിലാതെ അനധികൃതമായി കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്യാൻ ഒരു ഭാഗത്തുകൂടി അങ്ങു ശ്രമിക്കു മ്പോൾ, നിയമപ്രകാരം, ചട്ടപ്രകാരം പണമടച്ച് പ്ലാൻ വരച്ചുകൊണ്ട് അപേക്ഷ കൊടുത്താൽ അതിനു പ്രൊവിഷനില്ലാത്ത ഇതുപോലെയൊരു സാഹചര്യം നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടില്ല. അങ്ങയുടെ ഓഫീസിൽ ഇന്ന് എത്ര ഹിയറിംഗ്സ് നടക്കുന്നു. എക്സംപ്ഷന്റെ ഹിയറിംഗല്ലേ നടക്കുന്നത്. മുനി സിപ്പൽ ആക്ടിലെ പ്രൊവിഷനെടുത്ത് കളഞ്ഞ് റെഗുലറൈസ് എന്ന ഓമന പേരിൽ നൂറും ഇരുന്നൂറും ആളുകളുടെ സിറ്റിംഗാണ് ഓഫീസിൽ നടക്കുന്ന ത്. ഇതു നിർത്തണമെന്നാണ് ഞാൻ പറയുന്നത്. അനധികൃതമായി കെട്ടിട ങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന ഈ റെഗുലറൈസ് ചെയ്യൽ നിർത്തി ക്കൊണ്ട് ന്യായമായ കാര്യങ്ങൾ നൽകണം. ഇതിനെക്കുറിച്ച് ഒരു കമ്മിറ്റിയു ണ്ടാക്കുമെന്ന് കഴിഞ്ഞ നിയമസഭയിൽ പറഞ്ഞു. അതു ചർച്ചചെയ്തിട്ടുണ്ടോ? ആ കമ്മിറ്റിയുടെ റിപ്പോർട്ട് വാങ്ങി അടിയന്തിരമായി ആ വകുപ്പു പുനഃസ്ഥാ പിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. അങ്ങ് സാധാരണക്കാരന്റെ ബുദ്ധിമു ട്ടുകൾ ലഘൂകരിച്ചുകൊണ്ട് പുതിയ ചട്ടങ്ങൾ ഇറക്കുകയുണ്ടായി. ഞാനൊന്നു ചോദിക്കട്ടെ, ഇന്നു ഒരു കോഴിക്കൂട് ഉണ്ടാക്കണമെങ്കിൽ, ഒരു നായയെ വളർത്താൻ ഒരു പട്ടിക്കൂട് ഉണ്ടാക്കണമെങ്കിൽ പ്ലാനും എസ്റ്റിമേറ്റും കൊടുക്കണം. അങ്ങയുടെ ഉദാരമായ ഈ ചട്ടത്തിൻകീഴിൽ വീട്ടിൽ ഒരു കിണർ കുഴിക്കുകയാണെങ്കിൽ വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി പണവുമടച്ചാൽ അപേക്ഷിക്കാവുന്നതാണ്. അങ്ങ് ചട്ടങ്ങൾ ലഘൂകരിച്ചു വെന്നു പറഞ്ഞു. പക്ഷേ ആ ചട്ടങ്ങൾ കൂടുതൽ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാ യിട്ടുണ്ട്. ഈ നാട്ടിലെ എല്ലാവരും അങ്ങേയ്ക്ക് നിവേദനങ്ങൾ തന്നു. പത്ര ങ്ങൾ മുഴുവൻ എഴുതി. എല്ലാം നിശ്ചലമായി നിൽക്കുകയാണ്. തൊഴിലാളി കൾ പണിയില്ലാതെ നിൽക്കുകയാണ്. അതുപോലെ റൂൾ 24-ൽ ഒരു പുതിയ കെട്ടിടനിർമ്മാണ ചട്ടമനുസരിച്ച് വശങ്ങളിൽ 1.20 മീറ്ററിൽ കുറവായ setback ഉണ്ടെങ്കിൽ അയൽക്കാരന്റെ പെർമിഷൻ വാങ്ങണമെന്നാണ്. എങ്ങനെയാണ്

LIBRARY ARCHIVES Kerala Legislative Assembly

അയൽക്കാരന്റെ പെർമിഷൻ കിട്ടുക. അയൽവാസികളുടെ പെർമിഷൻ വാങ്ങിക്കൊണ്ട് ഒരു കെട്ടിടമുണ്ടാക്കണമെന്നുള്ള ഒരു വ്യവസ്ഥ നമ്മുടെ രാജ്യത്തുണ്ടാക്കിയിരിക്കുകയാണ്. എങ്ങനെ അയൽക്കാരിൽനിന്നും പെർമിഷൻ കിട്ടും. അതുപോലെതന്നെ ചട്ടങ്ങളിൽ കെട്ടിടങ്ങളുടെ മുകളിൽ ഒരു വാട്ടർ ടാങ്കുണ്ടാക്കിയാൽ, കെട്ടിടത്തിന് മുകളിൽ ഒരു ചെറിയ മുറി കെട്ടിയാൽ റൂൾ 32(1) അനുസരിച്ച് അത് ഒരുനിലയായി കണക്കാക്കുന്നു. ഇവിടെ എല്ലാ ആക്ടും എല്ലാ റൂളും പറയുവാൻ ആഗ്രഹിക്കുന്നില്ല. ഒന്നുരണ്ട് കാര്യങ്ങൾ പറഞ്ഞു. കിണറിന്റെ കാര്യവും, അയൽക്കാരന്റെ പെർമിഷന്റെ കാര്യവും. ഈ കാര്യങ്ങളിലൊക്കെ ബിൽഡിംഗ് റൂൾസിൽ അദ്ദേഹം കൊണ്ടുവന്ന ചട്ടങ്ങൾ നമ്മുടെ രാജ്യത്തിനെ സംബന്ധിച്ചിടത്തോളം വളരെ അപകടമാണ്. ഇത് പരിശോധിച്ച് ചട്ടങ്ങളിൽ ആവശ്യമായ നിയമനിർമ്മാണങ്ങൾ നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ സർക്കാർ സ്ഥാപനങ്ങളിൽ ഇതിൽ മുൻഗണന ആശുപത്രികൾ, സ്കൂളുകൾ ഇതിനൊക്കെ എക്സംപ്ഷൻ കൊടുക്കാനുള്ള പ്രൊവിഷൻ ഇന്നുണ്ടോ? വൻകിട വ്യവസായികൾ നമ്മുടെ രാജ്യത്ത് വരാൻ തയ്യാറുണ്ട്. ഈ നിയമംമൂലം പലരും സ്കീമുകൾ റദ്ദാക്കിക്കൊണ്ടിരിക്കുന്നു. ഇന്ന് ആർക്കിടെക്ടിനും അതുപോലെതന്നെ മറ്റാളുകൾക്കും ഒരു ജോലിയുമില്ല. പ്ലാൻ വരയ്ക്കാൻ ആരും വരുന്നില്ല. ബിൽഡിംഗ് റൂൾ ബാധകമല്ലാത്ത പഞ്ചായത്തുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അവിടെ എങ്ങനെയാണ് കൈകാര്യം ചെയ്യുന്നത്. വിശാലമായ വീക്ഷണത്തോടുകൂടി അങ്ങ് ഇതിനെ കാണണം. അതുകൊണ്ട് ഈ ചട്ടങ്ങളിൽ കൂടുതൽ ഉദാരവൽക്കരണം വേണം. ആവശ്യമില്ലാത്ത ചട്ടങ്ങൾ നമുക്ക് മാറ്റങ്ങൾക്ക് വിധേയമാക്കണം. അതുപോലെതന്നെ അങ്ങ് ഡിലീറ്റ് ചെയ്തുപോയിട്ടുള്ള നാലാം വകുപ്പ് പുനഃസ്ഥാപിക്കണം. ഒരു ഭരണാധികാരി നിയമം നടപ്പാക്കുന്നത് നിഷ്പക്ഷമായും നീതിപൂർവ്വമായും ഭയമില്ലാതേയും നടപ്പാക്കണം. അല്ലാതെ ആക്ട് എടുത്ത് മാറ്റുകയല്ല വേണ്ടത്. അങ്ങേയ്ക്ക് കഴിയില്ലെങ്കിൽ ജില്ലാ പഞ്ചായത്തിന് കൊടുക്കണം, അല്ലെങ്കിൽ മുനിസിപ്പാലിറ്റിക്ക് കൊടുക്കണം. അങ്ങയുടെ ശുദ്ധിയെ ഞാൻ ബഹുമാനിക്കുന്നു. എക്സംപ്ഷൻ എന്നൊരു പ്രൊവിഷൻ ഉണ്ടെങ്കിൽ മിസ്യൂസ് ചെയ്യുമെന്നുള്ളതുകൊണ്ടാണ്. ഒരിക്കലും മിസ്യൂസ് ചെയ്യുകയില്ല. നിയമം നടപ്പിലാക്കാനുള്ള ഇച്ഛാശക്തി നമുക്കുണ്ടെങ്കിൽ നിയമം നടപ്പിലാക്കാനുള്ള ധൈര്യവും നമുക്ക് വേണം. എന്നാൽ നമ്മുടെ രാജ്യത്തുള്ള ദുരുപയോഗങ്ങൾ ഒഴിവാക്കാൻ സാധിക്കും. അതുകൊണ്ട് ഇന്ന് ഒഴിവാക്കിയിട്ടുള്ള ആ വകുപ്പ് പുനഃസ്ഥാപിക്കുകയും അങ്ങ് കൊണ്ടുവന്ന ചട്ടങ്ങളിൽ ജനങ്ങളെ ബാധിക്കുന്ന, ആരാധനാലയങ്ങളെ ബാധിക്കുന്ന, അതുപോലെ മൂന്ന് സെന്റുള്ള വീടുകളിൽ മൂന്ന് നിലയായിട്ട് പാടില്ലായെന്ന് പറഞ്ഞാൽ സാധാരണക്കാർ എന്ത് ചെയ്യും. അതുപോലെ നിരവധി കാര്യങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കാനുണ്ട്. സമയക്കുറവായതുകൊണ്ട് ഞാൻ ചുരുക്കുകയാണ്. അതുകൊണ്ട് ഇതിനെക്കുറിച്ച് ആലോചിച്ച് ഈ നിയമസഭയിൽതന്നെ ആവശ്യമായ നിയമനിർമ്മാണ ഭേദഗതികൾ കൊണ്ടുവരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, കെട്ടിടനിർമ്മാണ നിയമത്തിൽ ഭേദഗതി വരുത്തിയതുകാരണമാണ് ആ രംഗത്ത് ഒരു മാന്ദ്യത വന്നതെന്ന ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം വസ്തുതകൾക്ക് നിരക്കാത്തതാണ്. കെട്ടിടനിർമ്മാണ രംഗത്ത് മാന്ദ്യത വന്നുവെന്നുള്ള വസ്തുത ഞാൻ അംഗീകരിക്കുന്നു. അത് ഇതുകൊണ്ടല്ല. അതിന് കാരണം നമുക്ക് എല്ലാപേർക്കും അറിയാവുന്നതാണ്. ഈ പുതിയ ഭേദഗതി



LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ പ്രസിദ്ധീകരിച്ചതിനുശേഷം ഞാൻ കഴിഞ്ഞ തവണ ഇവിടെ വിശദീകരിച്ചിട്ടുള്ളതാണ്. ബന്ധപ്പെട്ട കേന്ദ്രങ്ങൾ ആ ഭേദഗതിയെ അനുകൂലിച്ചുകൊണ്ടും അതേയവസരത്തിൽ ചെറിയ ചില മാറ്റങ്ങൾ ചില രംഗത്ത് വേണമെന്നുള്ള അഭിപ്രായമായിരുന്നു. അതേ സംബന്ധിച്ച് അറുപതോളം അഭിപ്രായങ്ങളാണ് എനിക്ക് കിട്ടിയത്. അതിന്റെ അടിസ്ഥാനത്തിൽ തന്നെ ഗവൺമെന്റ് വീണ്ടും ആ ബന്ധപ്പെട്ട സംഘടനകളെ വിളിച്ച് അവർക്ക് അതേ സംബന്ധിച്ച് പറയുവാനുള്ള കാര്യങ്ങളെല്ലാം കേട്ട്, അതിന്റെ അടിസ്ഥാനത്തിൽ ഭേദഗതി നിയമത്തിൽ വീണ്ടും ചില ഭേദഗതികൾ ഇപ്പോൾ തയ്യാറാക്കി വരുന്നുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ആളുകളുടെ ബുദ്ധിമുട്ട് ചൂണ്ടിക്കാണിച്ചു. ആ ബുദ്ധിമുട്ടൊന്നും ഈ ഭേദഗതി നിയമത്തിൽ കൊണ്ടുവന്നതല്ല. മുമ്പേ നിലവിലുള്ള നിയമത്തിലുള്ളതാണ്. ആ വിഷമതകൾ പരിഹരിക്കുന്നതിനുവേണ്ടിയാണ് ഭേദഗതി നിയമത്തിലൂടെ നമ്മൾ ശ്രമിച്ചത്. ഇവിടെ ആരാധനാലയത്തിന്റെ കാര്യം പറഞ്ഞു. അത് പ്രത്യേകമായി പരിഗണിച്ചുകൊണ്ട് അതിന് നേരിടാവുന്ന ഭവിഷ്യത്തുകൾ അതല്ലെങ്കിൽ വിഷമതകൾ പരിഹരിക്കുന്നതിനുള്ള വ്യവസ്ഥ അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ബഹുമാനപ്പെട്ട മെമ്പർ അവസാനം, പറഞ്ഞത് എക്സംപ്ഷൻ നിർത്തൽ ചെയ്തത് ശരിയായില്ല എന്നുള്ളതാണ്. അങ്ങനെ വന്നിട്ടുള്ള ഭവിഷ്യത്തുകളെക്കുറിച്ചാണ് പറഞ്ഞത്. ഞാൻ അത്തരം ഒരു തീരുമാനമെടുക്കുന്നതിന് മുമ്പായി നമ്മുടെ ഇന്ത്യാരാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലുള്ള സ്ഥിതിഗതികളെ സംബന്ധിച്ചിടത്തോളം പരിശോധിച്ചു. പല സംസ്ഥാനങ്ങളിലും ആ ഏർപ്പാട് ഇല്ല. നിർഭാഗ്യവശാൽ നമ്മുടെ സംസ്ഥാനത്തിൽ വളരെക്കാലമായിട്ടുണ്ട്. എക്സംപ്ഷൻ ഇല്ലായെന്നുള്ളതുകൊണ്ട് ആ സംസ്ഥാനങ്ങളിൽ ബഹുമാനപ്പെട്ട മെമ്പർ ഭയപ്പെടുന്നതുപോലുള്ള പ്രശ്നം വന്നിട്ടില്ല. എക്സംപ്ഷൻ എടുത്തുകളഞ്ഞിട്ടുള്ളതിന്റെ ഭാഗമായി പ്രശ്നം ഗുരുതരമാകുന്നുവെന്ന് കണ്ടാൽ അപ്പോൾ നമുക്ക് പരിശോധിക്കാം.

<u>ശ്രീ. ഇസ്ഹാക് കുരിക്കൾ</u> : സർ, മറ്റ് സംസ്ഥാനങ്ങളെപ്പോലെ അല്ല നമ്മുടെ സംസ്ഥാനം. ജനസാന്ദ്രത വളരെ കൂടുതലാണ്. ഇടുങ്ങിയ റോഡുകളാണ്. അപ്പോൾ കേരളത്തിന്റെ പ്രത്യേക സാഹചര്യം മനസ്സിലാക്കി, എല്ലാ പ്രദേശത്തിന്റേയും പ്രാധാന്യങ്ങൾ മനസ്സിലാക്കി ആർക്കെങ്കിലും അത്യാവശ്യഘട്ടങ്ങളിൽ രാജ്യത്തിന്റെ പുരോഗതിക്ക് രാഷ്ട്രപുനർനിർമ്മാണത്തിന് സർക്കാരിൽ ഇതുപോലുള്ള അധികാരങ്ങൾ നിക്ഷിപ്തമാക്കേണ്ടത് ഇന്നത്തെ കാലഘട്ടത്തിന് അനിവാര്യമാണ്. അതുകൊണ്ട് ഈ കാര്യങ്ങൾ ഗൗരവത്തോടെ എടുക്കണം. എക്സംപ്ഷന്റെ ഒരു സാഹചര്യം നമ്മുടെ സംസ്ഥാനത്ത് വന്നാൽ ആരെ സമീപിക്കും? ബഹുമാനപ്പെട്ട മന്ത്രി അതൊന്ന് വ്യക്തമാക്കണം. അതുകൊണ്ട് ആ പ്രൊവിഷൻ മുനിസിപ്പൽ ആക്ടിൽ കൊണ്ടുവരണമെന്ന് വീണ്ടും അഭ്യർത്ഥിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (<u>ശ്രീ. പാലൊളി മുഹമ്മദ് കുട്ടി</u>) : സർ, ഇത് സംബന്ധിച്ച് പുതിയ നിയമം ഭേദഗതി ചെയ്യുന്ന സമയത്ത് നാനാവിധത്തിൽനേരിടുന്ന പ്രശ്നങ്ങളെ കണ്ടുകൊണ്ട് അതിനാവശ്യമായ ഇളവ് അനുവദിച്ചുകൊണ്ടാണ് ഇത് നടത്തിയിട്ടുള്ളത്. ഇനിയും ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഇതിന്റെ അടിസ്ഥാനത്തിൽ ഇത് പ്രാവർത്തികമാകുന്ന ഘട്ടത്തിൽ എന്താണ് പ്രശ്നം വരുന്നത് എന്നുള്ളത് നമുക്ക് പരിശോധിക്കാം. ആ പ്രശ്നത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾക്ക് വിഷമത

LIBRARY ARCHIVES Kerala Legislative Assembly

കൂടുന്നുവെന്നുകണ്ടാൽ തീർച്ചയായും നമുക്ക് ഇവിടെ കൊണ്ടുവന്ന് ഭേദഗതി വരുത്താമല്ലോ. അപ്പോൾ അത് ചെയ്യാം.

## (2) ഐ.എച്ച്.ആർ.ഡി.യുടെ ആഭിമുഖ്യത്തിൽ ഇടുക്കിയിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ ഇടുക്കിയിൽ മെഡിക്കൽ കോളേജ് തുടങ്ങുന്നതിനുള്ള തീരുമാനമെടുത്ത ഈ സർക്കാരിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഇടുക്കിയുടെ വിദ്യാഭ്യാസപരവും ചികിത്സാപരവുമായ പിന്നോക്കാവസ്ഥ തിരിച്ചറിയുന്നതിനും ആ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനും ഈ സർക്കാരിന് കഴിയുന്നതിന്റെ ഭാഗമായിട്ടുള്ളതാണ് ഈ നടപടി. വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്നുള്ള നിലയ്ക്ക് ഈ നടപടികൾക്ക് നേതൃത്വം നൽകുന്ന ശ്രീ. പി.ജെ. ജോസഫിനെ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഈ സന്തോഷവാർത്തയ്ക്കിടയിലും ഇടുക്കിയിലെ ജനങ്ങൾക്കിടയിൽ ഉണ്ടായിരിക്കുന്ന ആശങ്കയിലേയ്ക്ക് ഈ സഭയുടെ ശ്രദ്ധക്ഷണിക്കുകയാണ്. ഭൂമിശാസ്ത്രപരമായി നോക്കിയാൽ ഇടുക്കി ജില്ല മലയോരവും താഴ്വാരവുമായി രണ്ടായി വിഭജിക്കപ്പെട്ട് കിടക്കുകയാണ്. വിസ്തൃതിയിലും ജനസംഖ്യയിലും പിന്നോക്കാവസ്ഥയിലും മലയോരമേഖലയാണ് മുന്നിൽ. താഴ്വരയിൽ ചെറുകിട ഇടത്തരം കർഷകരും വ്യവസായികളും അധിവസിക്കുമ്പോൾ കുടിയേറ്റ കർഷകരും തോട്ടം തൊഴിലാളികളും മലയോരമേഖലയിൽ തിങ്ങിപ്പാർക്കുന്നു. ഇടുക്കി ജില്ലയുടെ രാഷ്ട്രീയ നേതൃത്വം പലപ്പോഴും താഴ്വരയിൽനിന്നായതുകൊണ്ട് വികസനവും താഴ്വരയിൽ കേന്ദ്രീകരിച്ച് നിൽക്കുകയാണ്. താഴ്വരയും മലയോരവും തമ്മിലുള്ള വൈരുദ്ധ്യം വർഷങ്ങളായി നിലനിൽക്കുന്നു. അത് വളർന്ന് വിഘടനവാദത്തിലേയ്ക്കുപോലും എത്തിയേക്കാവുന്ന സാഹചര്യം ഉണ്ടായിരിക്കുന്നു. നിർദ്ദിഷ്ട മെഡിക്കൽ കോളേജ് തൊടുപുഴയിൽ സ്ഥാപിക്കാൻ ശ്രമിക്കുന്നു എന്ന വാർത്ത മലയോര മേഖലയിലെ ജനങ്ങളെയാകെ രോഷാകുലരാക്കിയിരിക്കുകയാണ്. തൊടുപുഴ വിദ്യാഭ്യാസപരവും ചികിത്സാപരവുമായി വളരെ മുന്നിലാണ്. തൊടുപുഴയിൽ ഏഴു നിലകളിലുള്ള ഒരു താലൂക്ക് ആശുപത്രി ഇപ്പോൾ ഉയർന്നുകൊണ്ടിരിക്കുകയാണ്. ഒരു മെഡിക്കൽ കോളേജ് വരുമ്പോൾ അത് എല്ലാ സൗകര്യങ്ങളുമുള്ള ഒരു സ്ഥലത്താണ് വരേണ്ടത്. ഇവിടെ ചികിത്സാപരമായി എല്ലാ സൗകര്യങ്ങളും നിലനിൽക്കുകയാണ്. ജില്ലാ സഹകരണ ആശുപത്രി തൊടുപുഴയിലാണ്, ജില്ലാ ആയുർവേദ ആശുപത്രി തൊടുപുഴയിലാണ്, ജില്ലാ ഹോമിയോ ആശുപത്രി തൊടുപുഴയിലാണ്. ഉന്നത നിലവാരമുള്ള ഒട്ടേറെ സ്വകാര്യ ആശുപത്രികൾ തൊടുപുഴയിലുണ്ട്. കോട്ടയം മെഡിക്കൽ കോളേജ്, വളരെ ഉന്നത നിലവാരമുള്ള കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രി, മാതാ അമൃതാനന്ദമയി ആശുപത്രി, ഇപ്പോൾ എറണാകുളത്ത് ആരംഭിക്കാൻ പോകുന്ന മെഡിക്കൽ കോളേജ് എന്നിവ തൊടുപുഴയിൽനിന്ന് ഒരു മണിക്കൂർ യാത്ര ചെയ്താൽ എത്തിപ്പെടാവുന്ന സ്ഥലത്താണ്. ഇടുക്കിയുടെ സ്ഥിതി പരമദയനീയമാണ്. ഇടുക്കി ഉൾക്കൊള്ളുന്ന മലയോര മേഖലയുടെ ഗൗരവം കാണാതിരിക്കാൻ കഴിയുകയില്ല. ഇടുക്കിയിൽ സ്ഥിതി ചെയ്യുന്ന ജില്ലാ ആശുപത്രിക്ക് ഒരു പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ പോലും സൗകര്യം ഇപ്പോഴില്ല. ജില്ലാ ആശുപത്രി ജില്ലാ പഞ്ചായത്തിന് കൈമാറിയ പശ്ചാത്തലത്തിൽ ഈ സ്ഥിതി ഇപ്പോഴും തുടരുകയാണ്.

[10 A.M.]

LIBRARY ARCHIVES Kerala Legislative Assembly